വെസ്റ്റേൺ ഗാട്ട് ഡെവലപ്പ്മെന്റ് പദ്ധതി

*419 [431] ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ :
,, പി. പി. എസ്തോസ് :
,, സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജന ക്ഷേമ സാമൂഹ്യ വികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെസ്റ്റേൺ ഗാട്ട് ഡെവലപ്പ്മെന്റ് പദ്ധതി പ്രകാരം ഗിരിജന ഉന്നമനത്തിനുവേണ്ടി എന്തൊക്കെ പരിപാടികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്;

(ബി) ഇതനുസരിച്ച് എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എവിടെ;

(ഡി) പരിപാടിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഹരിജന ക്ഷേമ സാമൂഹ്യ വികസന വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ ആൻറ് ബി) വെസ്റ്റേൺ ഗാട്ട് ഡെവലപ്പ്മെന്റ് പദ്ധതി പ്രകാരം താഴെ പറയുന്ന 6 പരിപാടികളാണ് ഗിരിജന ഉന്നമനത്തിനു വേണ്ടി ഉൾക്കൊള്ളിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

1. ഇടുക്കി ക്ഷീര വികസന പദ്ധതി
2. അട്ടപ്പാടി ക്ഷീര വികസന പദ്ധതി
3. അട്ടപ്പാടി സഹകരണ കൃഷിത്തോട്ടം സ്ഥാപിക്കൽ
4. ഏലം കൃഷിക്കായി വയനാട് സഹകരണ കൃഷിത്തോട്ടം നടപ്പാക്കൽ
5. പാൽ ശീതീകരണ യന്ത്രങ്ങൾ സ്ഥാപിക്കൽ
6. ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകൽ.

(സി) ഈ പദ്ധതികൾ താഴെ പറയുന്ന താലൂക്കുകളിലാണ് നടപ്പാക്കുന്നത്.

1. വടക്കൻ വയനാട്
2. തെക്കൻ വയനാട്
3. കൊയിലാണ്ടി
4. വടകര
5. ഏറനാട്
6. മണ്ണാർക്കാട്
7 പാലക്കാട്
8. ചിറ്റൂർ
9 മുകുന്ദപുരം
10. കുന്നത്തുനാട്
11. മീനച്ചിൽ
12. കാഞ്ഞിരപ്പള്ളി
13. പത്തനംതിട്ട
14. പത്തനാപുരം
15. തൊടുപുഴ
16. ദേവികുളം
17. ഉടുമ്പഞ്ചോല
18. പീരുമേട്
19. നെയ്യാറ്റിൻകര
20. നെടുമങ്ങാട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1. ഇടുക്കി ക്ഷീരവികസന പദ്ധതി:

ഈ പദ്ധതി പ്രകാരമുള്ള പ്രധാന പരിപാടികളും താഴെ പറയുന്നവയാണ്:

1. കന്നുകാലികളുടെ കൃത്രിമ ഉൽപ്പാദനം.
2. സഞ്ചരിക്കുന്ന ഉൽപ്പാദന ഘടകങ്ങളും സ്ഥാപിക്കൽ
3. മൃഗാരോഗ്യ പരിവേക്ഷണം
4. കന്നുകുട്ടികളും വാങ്ങാൻ സബ്സിഡി നൽകൽ
5. മൃഗങ്ങൾക്കു ആഹാര സാധനങ്ങളും ശേഖരിക്കൽ
6. കൃത്രിമബീജസങ്കലന ജോലി നടത്തുന്നവർക്ക് പ്രോൽസാഹന സാമ്പത്തികസഹായം നൽകൽ
7. ക്ഷീരസഹകരണസംഘങ്ങൾക്കു സഹായം നൽകൽ
8. പാൽ ശീതീകരണ യന്ത്രങ്ങളും സ്ഥാപിക്കലും റോഡുകളും വികസിപ്പിക്കലും.

ഈ പരിപാടി ഏറെടുത്ത 1975-76-ലെ പാൽ ഉൽപ്പാദനമായ 3 ലക്ഷം ലിറ്ററിൽനിന്നും ഒക്ടോബർ 1978 . ൽ 19 ലക്ഷം ലിറ്ററായി ഉയർത്താൻ സാധിച്ചിട്ടുണ്ട്.

2. അട്ടപ്പാടി ക്ഷീരവികസനപദ്ധതി:

ഇടുക്കിയിലെ അതേ പരിപാടികളാണ് ഇവിടേയും നടത്തുന്നത്. ഈ പരിപാടികളും നടപ്പിലാക്കിയതിൽ പിന്നീട് 200 മുതൽ 300 വരെ ലിറ്റർ പാൽ ശേഖരിച്ചിരുന്ന സ്ഥലത്ത് 16 സഹകരണ പാൽശേഖരണ സൊസൈറ്റികളും 2000 ലിറ്റർ വരെ പാൽ ശേഖരിക്കുന്നുണ്ട്.

3. അട്ടപ്പാടി സഹകരണ കൃഷിത്തോട്ടം:

420 ഭൂരഹിത ഗിരിജൻ കുടുംബങ്ങളെ ഒരു സഹകരണ കൃഷിത്തോട്ടം സ്ഥാപിച്ച് അട്ടപ്പാടിയിലെ 1040 ഹെക്ടർ നിക്ഷിപ്ത വനഭൂമിയിൽ താമസിപ്പിക്കാനാണ് ഈ പദ്ധതിയുടെ ഉദ്ദേശം. 462 ഹെക്ടർ സ്ഥലം ഇതിനകം കൃഷി ചെയ്തു തുടങ്ങിയിട്ടുണ്ട്. 242 ഹെക്ടർ കാപ്പി കൃഷിയും 308.50 ഹെക്ടറിൽ ഏലവും 8.50 ഹെക്ടറിൽ മറ്റു കൃഷികളും നടത്തിയിട്ടുണ്ട്. പൈപ്പു വച്ച് വെള്ളം തെറിപ്പിക്കുന്ന ജലസേചന രീതിയാണ് നടപ്പാക്കിയിട്ടുള്ളത്. വിവിധ കൃഷിത്തോട്ടങ്ങളെ ബന്ധിപ്പിക്കുന്ന 17 റോഡുകളും നിർമ്മിച്ചിട്ടുണ്ട്. 310 വീടുകളും നിർമ്മിച്ചതിൽ ഗിരിജന കുടുംബങ്ങളും താമസമാക്കിയിട്ടുണ്ട്. ബാക്കിയുള്ള വീടുകളും നിർമ്മാണ ഘട്ടത്തിലാണ്. 19.66 ലക്ഷം രൂപയ്ക്കുള്ള മണ്ണും സംരക്ഷണ ജോലിയും ഇവിടെ ചെയ്തിട്ടുണ്ട്.

4. ഏലം കൃഷിക്കായി വയനാട് സഹകരണ കൃഷിത്തോട്ടം സ്ഥാപിക്കൽ:

തെക്കൻ വയനാട്ടിൽ 1500 ഹെക്ടർ നിക്ഷിപ്ത വനഭൂമിയിൽ 750 ഗിരിജന കുടുംബങ്ങളെ ഒരു സഹകരണ കൃഷിത്തോട്ടം സ്ഥാപിച്ച് താമസിപ്പിക്കാനാണ് പദ്ധതി. ഏലം ബോർഡിന്റെ സാങ്കേതിക മേൽനോട്ടത്തിൽ ഏലം കൃഷി നടത്താനാണ് സ്ഥലം ഉപയോഗിക്കുന്നത്. ഇതിനുവേണ്ടി 117 പേരെ തിരഞ്ഞെടുത്തിട്ടുണ്ട്. 252 ഹെക്ടറിൽ

LIBRARY ARCHIVES Kerala Legislative Assembly

ഏലം ഇപ്പോൾ നട്ടിട്ടുണ്ട്. തിരഞ്ഞെടുത്ത കുടുംബങ്ങളെ താൽക്കാലിക ഷെഡ്ഡിൽ പാർപ്പിച്ചിരിക്കുന്നു. സ്ഥിരം വീടുകൾ നിർമ്മാണ ഘട്ടത്തിലാണ്. ഫോറസ്റ്റ് ട്രിബ്യൂണലിന്റെ മുമ്പാകെ ഒരു കേസ് ഉള്ളതിനാൽ ഗുണഭോക്താക്കൾക്കു ഭൂമി ഇതുവരെ പതിച്ചു കൊടുത്തിട്ടില്ല. ഫോറസ്റ്റ് ട്രിബ്യൂണലിന്റെ വിധി എതിരായാലും ഈ സ്ഥലം പൊന്നുംവിലയ്ക്ക് ഏടുക്കാൻ ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ട്.

5. പാൽ ശീതീകരണ യന്ത്രങ്ങൾ സ്ഥാപിക്കൽ:

നെയ്യാറ്റിൻകര, പത്തനംതിട്ട, മീനച്ചിൽ, ചിറ്റൂർ, എന്നിവിടങ്ങളിൽ 4 പാൽ ശീതീകരണ യന്ത്രങ്ങൾ സ്ഥാപിക്കാനുള്ള പദ്ധതിയാണ്. ഇതിനുള്ള ഉപകരണങ്ങൾ മിക്കവാറും വാങ്ങിയിട്ടുണ്ട്.

6. ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകൽ:

ഇടുക്കി ജില്ലയിലേയും മണ്ണാർക്കാടു താലൂക്ക് ഒഴികെ 15 താലൂക്കുകളിൽ ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങൾക്ക് സഹായധനം നൽകുന്ന ഒരു പദ്ധതി 1977-78 -ൽ നടപ്പാക്കി. ഈ പദ്ധതി പ്രകാരം 136 സഹകരണ സംഘങ്ങൾക്കു പ്രവർത്തന മൂലധനമായി 5 ലക്ഷം രൂപാ നൽകി മേൽപറഞ്ഞ 15 താലൂക്കുകളിൽ 375 മിൽക്കു കാനുകളും 125 സെറ്റ് പാൽ പരിശോധന ഉപകരണങ്ങളും 125 ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങൾക്കു വാങ്ങി നൽകാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ഹരിജനക്ഷേമ പ്രവർത്തനങ്ങൾ

807 [1224] ശ്രീ. വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ സാമൂഹ്യ വികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ഡിപ്പാർട്ടുമെന്റും ചെലവഴിക്കുന്ന സംഖ്യകളിൽ 10 ശതമാനം ഹരിജനക്ഷേമ പ്രവർത്തനങ്ങൾക്ക് നീക്കി വയ്ക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഈ സാമ്പത്തിക വർഷത്തിൽ എത്ര ഹരിജൻ കോളനികളിൽ പുതുതായി റോഡ് നിർമ്മിക്കുകയുണ്ടായി;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര കോളനികളിൽ ഇലക്ട്രിസിറ്റി കണക്ഷൻ നൽകുവാനും ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കുവാനും സാധിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഹരിജൻ കോളനികളെ ബന്ധിപ്പിക്കുന്ന റോഡുകൾ നിർമ്മിക്കുക എന്ന പദ്ധതി പ്രകാരം ഈ സാമ്പത്തിക വർഷത്തിൽ ഇതേവരെ 65 റോഡുകൾ പൂർത്തിയായിട്ടുണ്ട്.

(ബി) 1977-78 സാമ്പത്തിക വർഷത്തിൽ 34 ഹരിജൻ കോളനികളിൽ ഇലക്ട്രിസിറ്റി കണക്ഷൻ നൽകുവാനും 13 കോളനികളിൽ ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കുവാനും സാധിച്ചിട്ടുണ്ട്. ഈ

LIBRARY ARCHIVES Kerala Legislative Assembly